# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടപ്പാൾ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM 5 /01/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 15/03/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടപ്പാൾ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM 5 /01/2022 തീയ്യതി: 15/03/2022

## മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-10-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 20-12-2021 | 30-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-12-2021 | 30-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ.പി.,ഓഡിറ്റ് ഓഫീസർ

ശ്രീ. അബ്ദുൽ ഗഫൂർ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സന്തോഷ് പി ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഷാജഹാൻ ഖുറൈശി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ഷജീർ.കെ.,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സുജിത.പി.കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ബിജോയ് പി പി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.വേണുഗോപാൽ എം പി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഉമ എസ് | അസി.സെക്രട്ടറി | 01-04-2019 | 20-07-2019 |
| ശ്രീമതി ലത എം | അസി.സെക്രട്ടറി | 22-07-2019 | 31-03-2020 |
| ശ്രീ.വിനയൻ എം.വി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ഷെല്ലമി എ ജേക്കബ് | വെറ്ററിനറി സർജൻ | 01-04-2019 | 07-09-2019 |
| ഡോ.സ്വാതി സോമൻ | വെറ്ററിനറി സർജൻ | 09-09-2019 | 31-03-2020 |
| ഡോ. ശിൽപ പുരുഷോത്തമൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.ഹരി | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ.സനൽ പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ.സുജീർ പി പി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി.ചിത്രലത | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.അനിത പി കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീ.കുട്ടപ്പൻ ടി പി | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി.രാധിക | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2019 | 31-07-2019 |
| ശ്രീ.മുഹമ്മദ് നാസിം | ഡയറി ഫാം ഇൻസ്പെക്ടർ | 01-08-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Sujitha.P.K (Auditor, On 29-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Sujitha.P.K (Auditor, On 29-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Sujitha.P.K (Auditor, On 29-12-2021) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2019-20<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Sujitha.P.K (Auditor, On 30-12-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Unni.P (Deputy Director, On 25-02-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Sujitha.P.K (Auditor, On 29-12-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Sujitha.P.K (Auditor, On 30-12-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-11 |
| 13 | ടെണ്ടർ രേഖകൾ ഹാജരാക്കിയില്ല .ചെലവ് തുക തടസ്സം ചെയ്യുന്നു.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-12 |
| 14 | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ- അപാകതകൾ<br>Written By: Shajeer.K (Senior Grade Auditor, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-13 |
| 15 | രേഖകൾ ഹാജരാക്കിയിട്ടില്ല- 30,250 രൂപ തടസ്സം ചെയ്യുന്നു.<br>Written By: Shajahan Khuraisi (Asst. Audit Officer, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-14 |
| 16 | ഫെസ്റ്റിവൽ അലവൻസ് ക്രമപ്രകാരമല്ലാതെ നൽകി- തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 30-12-2021)<br>Last Updated By: Unni.P (Deputy Director, On 25-02-2022) | 1-15 |
| 17 | തെരുവ് വിളക്ക് റിപ്പയർ പദ്ധതി -അപാകതകൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-16 |

| | | |
|---|---|---|
| 18 | തുകകളുടെ കൈപ്പറ്റ് രശീതി പരിശോധനക്ക് ഹാജരാക്കേണ്ടതാണ് -<br>Written By: Shajahan Khuraisi (Asst. Audit Officer, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-17 |
| 19 | എസ്.എസ്.എ. വിഹിതം നൽകൽ പ്രൊജക്റ്റ് - വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-18 |
| 20 | GUPS കോലളമ്പ് അറ്റകുറ്റപണി - ഷീറ്റ് റൂഫിംഗ് (0.30mm)-ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- കരാറുകാരന് 45,749 രൂപ അധികം തുക നൽകി<br>Written By: Rishil.P (Audit Officer, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-19 |
| 21 | GMUPസ്കൂൾ എടപ്പാൾ മെയിൻ ഹാൾ അറ്റകുറ്റപണി – 1866 രൂപ കൺവീനർക്ക് അധികം നൽകി.<br>Written By: Rishil.P (Audit Officer, On 30-12-2021)<br>Last Updated By: Unni.P (Deputy Director, On 25-02-2022) | 1-20 |
| 22 | പെരുമ്പറമ്പ് അംഗൻവാടി (നമ്പർ 78) - ഷീറ്റ് റൂഫിംഗ് (0.35 Mm) - 13588 രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: Rishil.P (Audit Officer, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-21 |
| 23 | മരാമത്ത് പ്രവൃത്തി – അപാകതകൾ<br>Written By: Rishil.P (Audit Officer, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-22 |
| 24 | രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല<br>Written By: Rishil.P (Audit Officer, On 31-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-23 |
| 25 | രശീതി, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Shajahan Khuraisi (Asst. Audit Officer, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 1-24 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | GUPS കോലളമ്പ് അറ്റകുറ്റപണി - ഷീറ്റ് റൂഫിംഗ് (0.30mm)-ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- കരാറുകാരന് 45,749 രൂപ അധികം തുക നൽകി<br>Written By: Rishil.P (Audit Officer, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 3-1 |
| 2 | GMUP സ്കൂൾ എടപ്പാൾ മെയിൻ ഹാൾ അറ്റകുറ്റപണി – 1866 രൂപ കൺവീനർക്ക് അധികം നൽകി.<br>Written By: Rishil.P (Audit Officer, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 3-2 |
| 3 | പെരുമ്പറമ്പ് അംഗൻവാടി (നമ്പർ 78) - ഷീറ്റ് റൂഫിംഗ് (0.35 Mm) - 13588 രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: Rishil.P (Audit Officer, On 30-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 3-3 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| | Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Sujitha.P.K (Auditor, On 25-12-2021) | |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Sujitha.P.K (Auditor, On 30-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Sujitha.P.K (Auditor, On 30-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Sujitha.P.K (Auditor, On 25-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Unni.P (Deputy Director, On 26-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Sujitha.P.K (Auditor, On 30-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Unni.P (Deputy Director, On 26-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Simon K (Senior Deputy Director, On 15-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sujitha.P.K (Auditor, On 25-12-2021)<br>Last Updated By: Sujitha.P.K (Auditor, On 01-01-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) തീരുമാന നം./തിയ്യതി |
|---|---|
| 1/1 -07.02.2019 | 1/4-07.03.2020 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31 .07.2020 | 09.06.2020 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20011313.50 |
| വരവ് | 120106571 |
| ആകെ | 140117884.50 |
| ചെലവ് | 117198684 |
| നീക്കിയിരിപ്പ് | 22919200.50 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായത് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 149097670 | 149097670 | 10250097 | 3847573 |
| വികസനഫണ്ട് എസ്.സി.പി. | 0 | 11584765 | 11584765 | 9287015 | 2297750 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4888000 | 4888000 | 1075778 | 3812222 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3851000 | 3851000 | 1929857 | 1921143 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9829423 | 9829423 | 2384250 | 7445173 |
| ബി ഫണ്ട് | 0 | 27650680 | 27650680 | 27650680 | 0 |

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2019-20

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2019-20

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരം Development Fund (General)- ചെലവ് 12326427/-രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം 10250097/-രൂപയാണ്. (ജി.ഒ. പ്രൊജക്ട് പ്രകാരം ഡിഡക്ട് ചെയ്ത തുക 2076330/-രൂപ). ഗ്രാന്റ് പത്രിക പ്രകാരം Development Fund (SCP)-ചെലവ് 9375250/-രൂപയാണ്.എന്നാൽ എ.സി.ആർ പ്രകാരം 9287015/-രൂപയാണ്. (ജി.ഒ. പ്രൊജക്ട് പ്രകാരം ഡിഡക്ട് ചെയ്ത തുക 88235/-രൂപ).

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 192 | 99126228 | 86 | 49469193 | | 106 | 45% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1268.50 | 1559653 | 1560921.5 | 1560921 | 0.50 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 23327012 | 23327012 | 23327012 | 0 |

### 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 45480 | 50 |
| കർഷകതൊഴിലാളി പെൻഷൻ | 2068800 | 338 |
| വിധവാപെൻഷൻ | 7719000 | 1343 |
| വാർദ്ധക്യകാലപെൻഷൻ | 14670900 | 2569 |
| വികലാംഗപെൻഷൻ | 2250300 | 377 |
| വിവാഹ ധനസഹായം | - | - |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 418200 | 69 |

### 1-8 ക്യാഷ് പരിശോധന

94-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.12.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.പരിശോധനയിൽ 9233/-രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പോരായ്മകൾ താഴെ പറയുന്നു.

1.ഫയലുകളിലെ സൂക്ഷിപ്പിലും രജിസ്റ്ററുകൾ പരിപാലിക്കുന്നതിലും വീഴ്ച വന്നിട്ടുണ്ട്. അതുകൊണ്ട് തന്നെ ഓഡിറ്റ് വേളയിൽ പല ഫയലുകളും രജിസ്റ്ററുകളും യഥാസമയങ്ങളിൽ ലഭിക്കുന്നതിൽ കാലതാമസം വന്നിരുന്നു. ലഭിച്ച രജിസ്റ്ററുകൾ മിക്കതും അപൂർണ്ണമായതാണ്. രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല.

2.വിവിധ എജൻസികളിൽ വിവിധ പ്രവൃത്തികൾക്കായി ലക്ഷക്കണക്കിന് തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഏജൻസികളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾക്ക് വേണ്ടി പേമെന്റ് നടത്തുന്നതോടെ പ്രോജക്ടുകൾ തീരുന്ന അവസ്ഥയാണ് കാണുന്നത്. പ്രോജക്ടുകളിൽ മേൽ തുടർമോണിറ്ററിംഗ് നടക്കുന്നില്ല.

3.തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നിർവ്വഹിക്കപ്പെടുമ്പോൾ കെ.എസ്.ഇ.ബി യിൽ സൂപ്പർവിഷൻ ചാർജ് അടവാക്കുന്നില്ല. കെ.എസ്.ഇ.ബി യുടെ അനുമതിയില്ലാതെ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കിയതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

4.മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധിക തുക നൽകാനിടയായിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ സേവിംഗ്സ് ഇല്ല. ഭൂരിപക്ഷം പ്രവൃത്തികളിലും രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളത്. മരാമത്ത് പ്രവൃത്തികൾക്ക് പൂർത്തീകരണ കാലയളവ് കൂടുതലായി നൽകുന്നു. 60000 രൂപയുടെ പ്രവൃത്തിക്കും 6,00,000 രൂപയുടെ പ്രവൃത്തിക്കും ഒരുപോലെ പൂർത്തീകരണ കാലയളവ് നൽകുന്നു. അനാവശ്യമായി കാലയളവ് നൽകുന്നത് പ്രവൃത്തികൾ സ്പിൽ ഓവറായി പോവുന്നതിനും അതുവഴി ചെലവ് ശതമാനം കുറയുന്നതിനും കാരണമാകുന്നതാണ്
ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കാൻ ശ്രദ്ധക്കേണ്ടതാണ്

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.12.2021 | 01/09/2021 – 31/10/2021 | 16.12.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.04.2003 | 1997-98 മുതൽ 2002-03 | 18.07.2003 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2019-20 വാർഷിക കണക്കിലെ അപാകതകൾ

1. വാടക രജിസ്റ്റർ പ്രകാരമുള്ള DCBകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | വരവ് | ബാലൻസ് |
|---|---|---|---|
| രജിസ്റ്റർ | 315720 | 307362 | 8358 |
| AFS | 374792 | 309593 | 65199 |

2.ഫാക്ടിയോസ് ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | വരവ് | ബാലൻസ് |
|---|---|---|---|
| രജിസ്റ്റർ | 464200 | 413900 | 50300 |
| AFS | 464200 | 420810 | 43390 |

3. RP-32 പ്രകാരം KURDFC യിൽ നിന്നുള്ള ലോണിനത്തിൽ 2820000/- രൂപയുടെ വരവും ബാലൻസ് ഷീറ്റ് B-5 പ്രകാരം ലോണിനത്തിൽ KURDFC യിലേക്ക് 16769046/- രൂപയും കോപ്പറേറ്റീവ് ബാങ്കിലേക്ക് 3842645/-രൂപയും അടവാക്കാൻ ബാക്കിയുണ്ട്. ഇവയുടെ ആധികാരികത പരിശോധിക്കുന്നതിന് ലോൺ രജിസ്റ്ററോ ബന്ധപ്പെട്ട ഫയലുകളോ ഹാജരാക്കിയിട്ടില്ല.

4.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഴയ ആസ്തികളുടെ വിവരങ്ങൾ പൂർണ്ണമല്ല. വാർഷിക കണക്ക് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5.തൻ വർഷത്തിൽ ആർജിച്ച സ്റ്റോക്ക്,സ്റ്റോർ എന്നിവയുടെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

Cash Book(Financial Statement)-28403835

AFS (I-6) -24886665

7.ലേലമിനത്തിൽ തൻവർഷം 650/- രൂപയുടെ വരവുണ്ട്. ആയത് പരിശോധിക്കാൻ ബന്ധപ്പെട്ട രജിസ്റ്ററുകളോ രേഖകളോ ഹാജരാക്കിയിട്ടില്ല.

8.വസ്തു നികുതി സഞ്ചയ DCB സംഗ്രഹം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-12 ടെണ്ടർ രേഖകൾ ഹാജരാക്കിയില്ല .ചെലവ് തുക തടസ്സം ചെയ്യുന്നു.

2019-20-ൽ പരിരക്ഷ ഹോം കെയർ പദ്ധതിയിൽ (പ്രൊജക്റ്റ് നം.57/20)ഉൾപ്പടുത്തി Surgical Equipements വാങ്ങുന്നതിന് 68040 രൂപ (ചെക്ക് നം. 513927/30.3.20) തനത്ഫണ്ടിൽ നിന്ന് പിൻവലിച്ച് Cochin Surgicals എന്ന സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ആയതിന്റെ ടെണ്ടർ പരിശോധനക്ക് ലഭ്യമാക്കിയില്ല. ടെണ്ടർ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (5/28.12.21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 68040 രൂപ തടസ്സം ചെയ്യുന്നു.

## 1-13 വൃദ്ധർക്ക് കട്ടിൽ വാങ്ങൽ- അപാകതകൾ

ICDS സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായ "വൃദ്ധർക്ക് കട്ടിൽ വാങ്ങൽ" എന്ന പദ്ധതി(37/2019-20)പ്രകാരം വികസന ഫണ്ടിൽ നിന്നും 182000 രൂപ പിൻവലിച്ച് (ബിൽ നം- 12/2019-20, 23.1.2020, 91000രൂപ, ബിൽ നം- 13/2019-20, 23.1.2020, 91000രൂപ, ) ഹൈലുക്ക് ഫർണീച്ചർ എന്ന സ്ഥാപനത്തിൽ നിന്നും കട്ടിലുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. വ്യക്തമായ കാരണം കാണിക്കാതെ ഉയർന്ന നിരക്കുള്ള ടെണ്ടർ അംഗികരിച്ചു .

ടെണ്ടറിൽ പങ്കെടുത്ത 6 സ്ഥാപനങ്ങളിൽ , മഹാഗണി ഇനം കട്ടിലിന് താഴ്ന്ന നിരക്ക് ക്വാട്ട് ചെയ്ത കെ.പി.ഫർണീച്ചർ (3044രൂപ), ജാസ് ഇൻഡസ്ട്രീസ് (3000രൂപ) എന്നീ സ്ഥാപനങ്ങളുടെ ടെണ്ടറുകൾ വ്യക്തമായ കാരണം കാണിക്കാതെ നിരസിക്കുകയും ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത (3240രൂപ) ഹൈലുക്ക് ഫർണീച്ചർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. (14.10.2019 ലെ ഭരണ സമിതി തീരുമാനപ്രകാരം )

2. 14.10.2019 ലെ ഭരണ സമിതി തീരുമാനപ്രകാരം ഹൈലുക്ക് ഫർണീച്ചർ എന്ന സ്ഥാപനത്തിൽ നിന്ന് 3140 രൂപക്ക് കട്ടിൽ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് (46/16.12.2019, 47/17.12.2019) പ്രകാരം കട്ടിലിന് നൽകിയത് 3640 രൂപയാണ്.

അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് ICDS സൂപ്പർവൈസർക്ക് ഓഡിറ്റ് എൻക്വയറി (2/27.12.2021) നൽകിയതിനെ തുടർന്ന് പർച്ചേഴ്സ് കമ്മിറ്റി തീരുമാനം ഹാജരാക്കിയതിലും 3140 രൂപയാണ് അംഗീകരിച്ചത്. ഉയർന്ന നിരക്ക് അനുവദിച്ചതിന് വിശദീകരണം നൽകിയില്ല. അധിക ചെലവ് 25000 രൂപ (500x50) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-14 രേഖകൾ ഹാജരാക്കിയിട്ടില്ല- 30,250 രൂപ തടസ്സം ചെയ്യുന്നു.

സ്റ്റാഫിന് ഫെസ്റ്റിവൽ അലവൻസ് ഇനത്തിൽ 47,630 രൂപ 21900348/02-09-2019 -ാം നമ്പർ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ 17,380 രൂപ വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

30,250 രൂപ ഏതെല്ലാം ഉദ്യോഗസ്ഥർക്ക് എത്ര വീതം തുക നൽകി എന്നതിന്റേയും, ആയത് കൈപ്പറ്റിയതിന്റേയും രേഖകൾ കൂടി ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ 30,250 രൂപ തടസ്സം ചെയ്യുന്നു.
(10/29.12.21-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-15 ഫെസ്റ്റിവൽ അലവൻസ് ക്രമപ്രകാരമല്ലാതെ നൽകി- തുക തിരികെ ഈടാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. മുഹമ്മദ് ഷരീഫിന് ഫെസ്റ്റിവൽ അലവൻസ് ഇനത്തിൽ 2750 രൂപ 21900352/02-09-2019 ാം നമ്പർ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. നവംബർ 2018ൽ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥന് 2019-20 ൽ ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിന് ജി.ഒ.(പി)നം.116/2019/ഫിൻ/26-08-2019 നമ്പർ ഉത്തരവ് പ്രകാരം അനുവാദമില്ല. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(10/29.12.21-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-16 തെരുവ് വിളക്ക് റിപ്പയർ പദ്ധതി -അപാകതകൾ

പ്രൊജക്ട് - തെരുവ് വിളക്ക് റിപ്പയർ

നമ്പർ - S0011/2020

അടങ്കൽ - 4,50,000 (ധനകാര്യ കമ്മീഷൻ അവാർഡ്)

ബിൽ നമ്പർ 23/11-02-2020 : 2,99,520

2019-20ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് റിപ്പയറിനായുള്ള മേൽ പ്രൊജക്ട് പ്രകാരം ശ്രീ. പി.എം. അബ്ദുൽ ജലീൽ, സൈമൽ ഏജൻസീസ്, കുറ്റനാട് എന്ന കോൺട്രാക്ടർക്ക് 341 LED (നിരക്ക്-515) , 250 CFL(നിരക്ക്-500) എന്നിവയുടെ വിലയായി 299520 രൂപ നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു-

1. പ്രവൃത്തി ചെയ്ത ഇലക്ട്രിക്കൽ കോൺട്രാക്ടറുടെ കാറ്റഗറി സി രജിസ്ട്രേഷൻ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

2. കരാറുകാരന് തുക അനുവദിച്ചപ്പോൾ സോഴ്സ് ഡിഡക്ഷനായി 1%IT, 2%GST, 1%KCWWF എന്നിവ കുറവു ചെയ്തിട്ടില്ല.

3. തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്താനുള്ള, പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. പ്രവൃത്തി നടത്തുന്നതിന് KSEBയിൽ നിന്നും അനുവാദം ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5. വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിൽ വിളക്കുകൾ റിപ്പയർ ചെയ്ത പോസ്റ്റുകളുടെ വിവരം ഇല്ല, ആകെ റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

6. ഉപയോഗ ശൂന്യമായ വിളക്കുകളും അനുബന്ധ സാമഗ്രികളും ഗ്രാമ പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.
അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.
(12/29.12.21-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-17 തുകകളുടെ കൈപ്പറ്റ് രശീതി പരിശോധനക്ക് ഹാജരാക്കേണ്ടതാണ് -

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന ചെലവ് തുകകൾക്ക് ലഭ്യമായ കൈപ്പറ്റ് രശീതി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 150194 രൂപ തടസ്സം ചെയ്യുന്നു.

| ക്രമ നമ്പർ | ബിൽ/വൗച്ചർ നമ്പർ/ തിയ്യതി | തുക | ചെലവ് വിവരം |
|---|---|---|---|
| 1 | 21900167/ 13-06-2019 | 1,29,694 | ലൈബ്രറി സെസ് 2018-19 (രണ്ടാം അർദ്ധവർഷം) അടവാക്കിയ തുക |
| 2 | 21900246/ 17-07-2019 | 2,000 | KREWS ന് നൽകിയ വാർഷിക വരി |
| 3 | 21900859/ 07-02-2020 | 18,500 | പഞ്ചായത്ത് ദിനാഘോഷ പരിപാടികളുടെ നടത്തിപ്പ് ചെലവിലേക്ക് DDP,വയനാടിന് നൽകിയ തുക |

(10/29.12.21-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-18 എസ്.എസ്.എ. വിഹിതം നൽകൽ പ്രൊജക്ട് - വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് : എസ്.എസ്.എ. വിഹിതം നൽകൽ

നം : S003/2020

അടങ്കൽ - 16,00,000 (തനത് ഫണ്ട്)

വൗച്ചർ നം.21900554/12-11-2019 : 16,00,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 16,00,000 രൂപ എസ്.എസ്.എ ജില്ലാ ഓഫീസ്, മലപ്പുറത്തിന് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 11/2018 തി. 29-01-2018, ഖണ്ഡിക7-6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 16,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-19 GUPS കോലളമ്പ് അറ്റകുറ്റപണി - ഷീറ്റ് റൂഫിംഗ് (0.30mm)-ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- കരാറുകാരന് 45,749 രൂപ അധികം തുക നൽകി

മരാമത്ത് പ്രവൃത്തിയുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്യതിന് 0.30 Mm GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന് DSR പ്രകാരമുള്ള നിരക്ക് ഇല്ലാത്തതിനാൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി എസ്റ്റിമേറ്റിൽ ഉൾപെടുത്തി ആയത് പ്രകാരമുള്ള നിരക്ക് മൂല്യ നിർണ്ണയം നടത്തുകയാണ് ചെയ്തിട്ടുള്ളത്. റൂഫിംഗിനായി തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ട്.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR-ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന് മാത്രമെ നിരക്ക് കണക്കാക്കിയിട്ടുള്ളൂ. അതിനാലാണ് കുറവ് കനമുള്ള 0.30mm ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടി വന്നിട്ടുള്ളത്. 0.50 Mm കനമുള്ള ഷീറ്റ് റൂഫിംഗിന് ആവശ്യമായ ഡാറ്റയിൽ നിന്നും 0.30 Mm കനമുള്ള ഷീറ്റ് റൂഫിംഗിനുള്ള ഡാറ്റയിൽ, ഇവിടെ ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ. ആയതിനാൽ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്.

എന്നാൽ പഞ്ചായത്തിൽ ഉപയോഗിച്ച Obderved Data യിൽ സാധനങ്ങൾ, ലേബർ എന്നിവക്ക് DSR നിരക്കിനേക്കാൾ കൂടിയ നിരക്കും, കൂടിയ എണ്ണവുമാണ് നൽകിയിട്ടുള്ളത്. 0.30 Mm ഷീറ്റ് പ്രവൃത്തിക്ക് DSR ഇനം 12.50 മായി താരതമ്യം ചെയ്യതിൽ മേൽ പ്രവർത്തിക്ക് അനുവദിക്കാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു. [പഞ്ചായത്തിൽ ഉപയോഗിച്ച Obderved Data യിൽ നൽകിയ ഷീറ്റ് വില തന്നെയാണ് പരിഗണിച്ചിട്ടുള്ളത്].

DAR കോഡ് നമ്പർ 12.50 പ്രകാരം 0.50mm കനമുള്ള കോറുഗേറ്റഡ് GI ഷീറ്റ് വിരിക്കുന്നതിനുള്ള ഡാറ്റ അടിസ്ഥാനമാക്കിയായിരുന്നു ഈ പ്രവൃത്തിക്ക് OD തയ്യാറാക്കേണ്ടിയിരുന്നത്. 0.30mm കനമുള്ള ഷീറ്റിന് @225/M2 മാർക്കറ്റ് വില കണക്കിലെടുത്ത് DAR കോഡ് നമ്പർ 12.50 (Cost Indes 37.25%) പ്രകാരം OD തയ്യാറാക്കിയാൽ യൂണിറ്റ് നിരക്ക് 391.68/M2 മാത്രമേ വരുകയുള്ളൂ. OD യുടെ വിശദാംശം താഴെ കൊടുക്കുന്നു

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.30mm | Sqm | 233.650 | 225.00 | 52571.25 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.60 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |

| | |
|---|---|
| Total | 67377.90 |
| Cost For 216.14sqm | 67377.90 |
| Cost For 1 Sqm | 311.73 |
| Add Water Charge1% | 3.11 |
| Total | 314.84 |
| Add CPOH 15% | 47.22 |
| Cost Index 37.25% (Excluding MR) | 29.63 |
| Total | 391.69 |

മേൽ പ്രവൃത്തിക്ക് തെറ്റായ Observed Data തയ്യാറാക്കി മൂല്യ നിർണ്ണയം നടത്തിയത് മൂലമുള്ള അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ഷീറ്റിന്റെ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | GUPS കോലളമ്പ് അറ്റകുറ്റപണി (SO167/20)<br>TS No: 71891/2018-19 (CI 37.25%)<br>Agri.No: 35/AE/LSGD/EDPL/18-19 Dtd.10.8.18<br>(Estimate Rate)<br>M.Book No: 175/17-18<br>അടങ്കൽ -3,40,000<br>ഫണ്ട്- MG(NR)<br>ചെലവ് -325681<br>ബിൽ - 13/8.7.19<br>കരാറുകാരൻ: അരവിന്ദാകഷൻ.E<br>Est.No- 2018/53877 | $312.24m^2$<br>(Esti. Item No.15) | 163148.52<br>(@522.51/$m^2$ ) | 122301.28<br>(@391.69/$m^2$ ) | 45749<br>(40847+GST 12%) |

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (AUDIT ENQUIRY No. 8 /28.12.21 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നഷ്ട തുക 45749 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും അംഗീകരിച്ച അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-20 GMUPസ്കൂൾ എടപ്പാൾ മെയിൻ ഹാൾ അറ്റകുറ്റപണി - 1866 രൂപ കൺവീനർക്ക് അധികം നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ GMUPസ്കൂൾ എടപ്പാൾ മെയിൻ ഹാൾ അറ്റകുറ്റപണി എന്ന പ്രവൃത്തി പൂർത്തീകരിച്ച് ബിൽ നൽകിയപ്പോൾ കൺവീനർക്ക് 5% തുക അധികം നൽകാനിടയായിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി അധികം വകയിരുത്തുന്നുണ്ട് . ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ വാറ്റ് ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഈ ഇനത്തിനായി വകയിരുത്തിയ 5% തുക കുറവ് ചെയ്താണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. അപ്രകാരം ചെയ്യാതിരുന്നത് വഴിയാണ് കൺവീനർക്ക് അധിക തുക നൽകാനിടയായത്. അധിക തുക ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഈടാക്കേണ്ട തുക 5% (VAT) | റിമാർക്സ് |
|---|---|---|
| പ്രോജക്റ്റ് - 178/20<br>കൺവീനർ - A.ദേവസ്സി<br>അടങ്കൽ - 40000<br>മൂല്യനിർണ്ണയം - 39180<br>ഫണ്ട് - തനത് ഫണ്ട്<br>ചെക്ക് - 5139234/23.10.19<br>അളവ് പുസ്തകം - 171/19-20<br>കരാർ - AE/LSGD/EDPL/49 /18-19 തി.26.2.19<br>TS No-104354/18-19<br>Est.No-2018/141252 | 1866 (39180x5/105) | പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ആദായ നികുതി, ക്ഷേമനിധി വിഹിതം എന്നിവ മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്. |

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (AUDIT ENQUIRY No. 12 /28.12.21 (2020-21)) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നഷ്ട തുക 1866 രൂപ പ്രവൃത്തിയുടെ ബിൽ അനുവദിച്ച ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-21 പെരുമ്പറമ്പ് അംഗൻവാടി (നമ്പർ 78) - ഷീറ്റ് റൂഫിംഗ് (0.35 Mm) - 13588 രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല.

പ്രൊജക്റ്റ് നം : 172/20

അടങ്കൽ : 215000

ഫണ്ട്- CFC Grant

ചെലവ് : 153831

ബിൽ നമ്പർ - 62/21.3.19 - 97946

15/9.7.19 - 55885

TS No : 93252/18-19

എസ്റ്റിമേറ്റ് നമ്പർ.2018/126694, DsoR 2016 COI 37.25.%

കരാർ നം : 40/AE/LSGD/EDPL/19-20 /21.11.2018 (Tender Below-11.333%)

കരാറുകാരൻ - EP.ചാത്തപ്പൻ

എംബുക്ക് നം: 154/17-18, 159/17-18

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

